"ഭരണഭാഷ - മാതൃഭാഷ"

അഗ്നിരക്ഷാനിലയം,മട്ടന്നൂർ
തീയ്യതി: 04/04/2024
ഫോൺ: 0490-2471101

നമ്പർ: സി. 104/24

## നിരാക്ഷേപ സാക്ഷ്യപത്രം (പുതുക്കൽ)

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ മുനിസിപ്പാലിറ്റി പഴശ്ശി വില്ലേജ് റീ സർവ്വേ നമ്പർ 116/1,116/1സി ൽ ശ്രീ ശ്രീധരൻ നമ്പ്യാർ മാനേജിങ് ട്രസ്റ്റി ,ശ്രീ മഹാദേവ എഡ്യൂക്കേഷണൽ ട്രസ്റ്റ് ,മട്ടന്നൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും 14.21മീറ്റർ ഉയരമുള്ളതുമായ നാലു നില സ്കൂൾ കെട്ടിടം (B+G+2) മട്ടന്നൂർ അഗ്നിരക്ഷാ നിലയത്തിലെ സ്റ്റേഷൻ ഓഫീസ്സറുടെ നേതൃത്വത്തിലുള്ള ബോർഡ് പരിശോധന നടത്തുകയും, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സസ് റീജിയണൽ ഫയർ ഓഫീസർ ,കണ്ണൂരിൻറെ 06/12/2021 ലെ സർട്ടിഫിക്കറ്റ് നമ്പർ എഫ് .ആർ.എസ് .13 എം .ടി.എൻ.ആർ. 5552/21 പ്രകാരമുള്ള നിരാക്ഷേപസാക്ഷ്യപത്രം ഒരു വർഷത്തേക്ക് പുതുക്കി നൽകാവുന്നതാണെന്ന് ബോധ്യപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ, എന്നിൽ നിക്ഷിപ്തമായിരിക്കുന്ന വിവേചനാധികാരമുപയോഗിച്ച് മേപ്പടി കെട്ടിടത്തിന്റെ അഗ്നിപ്രതിരോധ വീക്ഷണത്തിലുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഇതിനാൽ പുതുക്കി നൽകിയിരിക്കുന്നു. അംഗീകൃത പ്ലാനിൽ കെട്ടിടത്തോടനുബന്ധിച്ച് ഒഴിച്ചു നിർത്തിയിട്ടുള്ള ഇടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ നടത്തുവാൻ പാടുള്ളതല്ല.

കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിപ്രതിരോധ സംവിധാനങ്ങളെല്ലാം തന്നെ സദാസമയവും പ്രവർത്തനക്ഷമമാക്കി നിലനിർത്തേണ്ടുന്നതാണെന്നും, ആയതിന്മേൽ കെട്ടിടത്തിന്റെ ഉടമസ്ഥൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിലാണ് ഈ സാക്ഷ്യപത്രം അനുവദിച്ചു നൽകുന്നത്. **സാക്ഷ്യപത്രത്തിന്റെ പ്രാബല്യം ആയത് അനുവദിച്ച തീയ്യതി മുതൽ ഒരു വർഷത്തേക്കു മാത്രമായിരിക്കുന്നതാണ്. ഒരു വർഷത്തിനു ശേഷം സാക്ഷ്യപത്രം പുതുക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ സാക്ഷ്യപത്രം പുതുക്കാതിരിക്കുന്നത് കെട്ടിടത്തിന്റെ ഇൻഷ്വറൻസ് പരിരക്ഷ നഷ്ടമാകുന്നതിനും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും / റവന്യൂ വകുപ്പിൽ നിന്നും ഉചിതമായ നിയമ നടപടികൾ നേരിടുന്നതിനും കാരണമായിത്തീരുന്നതാണ്.** കെട്ടിടത്തിന്റെ അഗ്നിപ്രതിരോധ വീക്ഷണത്തിലുള്ള സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനകൾ എപ്പോൾ വേണമെങ്കിലും നടത്തുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ സ്റ്റേഷൻ ഓഫീസ്സറുടെയോ അതിനു മുകളിലുള്ളതോ ആയ പദവിയിലിരിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും അധികാരമുണ്ടായിരിക്കുന്നതാണ്.

Sd/-

**സ്റ്റേഷൻ ഓഫീസർ**
ഫയർ & റെസ്ക്യൂ സ്റ്റേഷൻ
മട്ടന്നൂർ - 670 702

സ്വീകർത്താവ്:-

ശ്രീ ശ്രീധരൻ നമ്പ്യാർ ,മാനേജിങ് ട്രസ്റ്റി ,ശ്രീ മഹാദേവ എഡ്യൂക്കേഷണൽ ട്രസ്റ്റ് ,മട്ടന്നൂർ

പകർപ്പ്:-